**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 491** **28-06-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ക്ഷേമനിധികളിൽ അംഗത്വമെടുത്ത തൊഴിലാളികൾ അസുഖം, അപകടം,മാരക രോഗങ്ങൾ, കോവിഡ് മഹാമാരി, സാമ്പത്തിക പ്രയാസം തുടങ്ങിയ വിവിധ കാരണങ്ങളാൽ അംഗത്വം പുതുക്കാൻ സാധിക്കാത്തതുകൊണ്ടും, പെൻഷൻ അപേക്ഷ, മറ്റ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ യഥാസമയം നൽകാൻ കഴിയാത്തതുകൊണ്ടും, പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | വിവിധ ക്ഷേമനിധികളിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് അസുഖം, അപകടം, മാരക രോഗങ്ങൾ, കോവിഡ് മഹാമാരി, സാമ്പത്തിക പ്രയാസം തുടങ്ങിയ വിവിധ കാരണങ്ങളാൽ അംഗത്വം പുതുക്കാൻ സാധിക്കാതെ, പെൻഷൻ അപേക്ഷ, മറ്റ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ യഥാസമയം നൽകാൻ കഴിയാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യമുള്ള പക്ഷം പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തി ഭരണ വകുപ്പിൽ നിന്നും ശിപാർശ ധന വകുപ്പിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത തൊഴിലാളികൾക്ക് മാനുഷിക പരിഗണന നൽകി അംഗത്വം പുതുക്കുന്നതിനും, ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അവസരം നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | വിവിധ ക്ഷേമനിധികളിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് അസുഖം, അപകടം, മാരക രോഗങ്ങൾ, കോവിഡ് മഹാമാരി, സാമ്പത്തിക പ്രയാസം തുടങ്ങിയ വിവിധ കാരണങ്ങളാൽ അംഗത്വം പുതുക്കാൻ സാധിക്കാതെ, പെൻഷൻ അപേക്ഷ, മറ്റ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ എന്നിവ യഥാസമയം നൽകാൻ കഴിയാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാത്ത സാഹചര്യമുള്ള പക്ഷം പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തി ഭരണ വകുപ്പിൽ നിന്നും ശിപാർശ ധന വകുപ്പിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ